ഭരണഭാഷ – മാതൃഭാഷ

**<u>നം.TRY/1380/2020-E1</u>**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 20/03/2021

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: കോവിഡ്-19- SDTSB അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന ജീവനക്കാരുടെ മാറ്റിവയ്ക്കപ്പെട്ട ശമ്പളം തിരികെ നൽകുന്നത്- സംബന്ധിച്ച്.

സൂചന : 1. സർക്കാർ ഉത്തരവ് നമ്പർ 43/2021 /ധന തീയതി 26/ 02/ 2021.

2. സർക്കാരിൽ നിന്നുള്ള 4/03/2021-ലെ പരിപത്രം 21.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. SDTSB അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന പൊതുമേഖലാ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വിവിധ കമ്മീഷനുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ മാറ്റിവയ്ക്കപ്പെട്ട ശമ്പളം തിരികെ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 08/03/2021-ലെ ഇതേ നമ്പർ കത്ത് പ്രകാരം എല്ലാ ട്രഷറി ഓഫീസർമാർക്കും നൽകിയിരുന്നു. എന്നാൽ നിരവധി ട്രഷറികളിൽ നിന്നും SDTSB-യിൽ നിക്ഷേപിച്ചിട്ടുള്ള മൊത്തം തുകയും ഒറ്റ തവണയായി തിരികെ നൽകാവുന്നതാണോയെന്ന കാര്യത്തിൽ വ്യക്തത നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ SDTSB അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന ജീവനക്കാരുടെ മാറ്റിവയ്ക്കപ്പെട്ട ശമ്പളം വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു .

SDTSB അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന പൊതുമേഖലാ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വിവിധ കമ്മീഷനുകൾ, യൂണിവേഴ്സിറ്റികൾ എന്നീ സ്ഥാപനങ്ങൾ പ്രത്യേക ട്രഷറി അക്കൗണ്ട് തുടങ്ങി നിക്ഷേപിച്ചിട്ടുള്ള തുക (സഞ്ചിത

നിധിയിൽ നിന്നും ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ ഉൾപ്പെടെ ) ബന്ധപ്പെട്ട സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് തിരികെ നൽകാവുന്നതാണ് . DDO/അക്കൗണ്ട് ഉടമ അപേക്ഷ നൽകുന്ന മുറയ്ക്ക് **ഒറ്റതവണയായി** DDO മാർ/അക്കൗണ്ട് ഹോൾഡർ നിർദ്ദേശിക്കുന്ന ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ട്രഷറി/ ബാങ്ക് അക്കൗണ്ടിലേക്ക് withdrawal slip മുഖേന ട്രഷറികൾക്ക് തന്നെ തുക കൈമാറാവുന്നതാണ്. ജീവനക്കാരുടെ അക്കൗണ്ടുകളിലേക്ക് ട്രഷറികളിൽ നിന്ന് നേരിട്ട് പ്രസ്തുത തുക കൈമാറ്റം ചെയ്യേണ്ടതില്ല. .

എല്ലാ ട്രഷറി ആഫീസർമാരും മേൽ നിർദ്ദേശം കർശനമായി പാലിച്ചു കൊണ്ട് തുക തിരികെ നൽകുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത അക്കൗണ്ടുകളിൽ നിന്നും തുക തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

**A M JAFAR**
**DIRECTOR**

അംഗീകാരത്തോടുകൂടി

സീനിയർ സൂപ്രണ്ട്

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email:keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229